(ബി) 30-6-2015-ലെ കണക്ക് പ്രകാരം 578073 കേടായ മീറ്ററുകൾ ഉണ്ട്. മീറ്റർ കേടാകുന്ന കാലയളവിൽ മുൻകാല ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

പവർ ഹൗസുകളിലെ യന്ത്രസാമഗ്രികളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണി

8 (5812) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പവർ ഹൗസുകളിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും ജനറേറ്ററുകളും കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ജനറേറ്ററുകളും യന്ത്രസാമഗ്രികളും ഉപയോഗിക്കുന്നതുമൂലമാണ് പലപ്പോഴും പവർഹൗസുകളിലും മറ്റും അപകടങ്ങൾ ഉണ്ടാകുന്നതെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രധാന പവർഹൗസുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്ത ധാരാളം ജനറേറ്ററുകളും യന്ത്രങ്ങളും ഉണ്ടെന്നും ഇത് വൈദ്യുതോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ എല്ലാ പവർഹൗസുകളിലും യന്ത്രങ്ങളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും കാലപ്പഴക്കം ചെന്നവ മാറ്റുന്നതിനും അവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇല്ല.

(ഡി) സംസ്ഥാനത്തെ എല്ലാ പവർ ഹൗസുകളിലും, സ്ഥാപിച്ചിട്ടുള്ള ടർബൈൻ, ജനറേറ്റർ, ട്രാൻസ്ഫോർമർ തുടങ്ങിയ പ്രധാന യന്ത്രസാമഗ്രികളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ അവയുടെ നിർമ്മാതാക്കൾ അനുശാസിക്കുന്ന രീതിയിലും കാലയളവിലും കൃത്യമായും ചെയ്യുവരുന്നു. ഇതിൽ വീഴ്ച ഉണ്ടായിട്ടില്ല. വാർഷിക അറ്റകുറ്റപ്പണികളുടെ ഭാഗമായി പ്രധാനപ്പെട്ട ജനറേറ്റിംഗ് സ്റ്റേഷനുകളിലെ ഓരോ ജനറേറ്ററുകളുടെയും പ്രവർത്തനം ഒരു മാസം പൂർണ്ണമായി നിർത്തിവച്ച ശേഷം

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ടെസ്റ്റുകൾ നടത്തി വേണ്ടുന്ന അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വരുന്നു. കൂടാതെ Monthly Maintenance ന്റെ ഭാഗമായി ഓരോ മാസത്തിലും ഒരു ദിവസം ഓരോ ജനറേറ്ററുകളുടെ പ്രവർത്തനം നിർത്തിവച്ച ശേഷം ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു. ഇതിനുപുറമേ അടിയന്തരമായി ഉണ്ടാകുന്ന കേടുപാടുകൾ സമയബന്ധിതമായി പരിഹരിക്കുന്നുമുണ്ട്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാനദണ്ഡ പ്രകാരം ജലവൈദ്യുത പദ്ധതികളിലെ യന്ത്രസാമഗ്രികളുടെ ശരാശരി പ്രവർത്തന ആയുസ് 35 വർഷമാണ്. ഇതനുസരിച്ച് 35 വർഷത്തിലധികം പഴക്കമുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിലെ യന്ത്ര സാമഗ്രികളുടെ ശിഷ്ടായുസ് നിർണ്ണയ പഠനം (RLA Study) നടത്തി നവീകരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി, പെരിങ്ങൽക്കുത്ത് എന്നീ സ്റ്റേഷനുകളുടെ നവീകരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഷോളയാർ പദ്ധതിയുടെ നവീകരണത്തിനുള്ള കരാർ FEPL-FUYUAN കൺസോർഷ്യവുമായി 6-7-2015-ൽ ഒപ്പുവച്ചു. ഇടുക്കി ഒന്നാംഘട്ടം മെഷീനുകളുടെ നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

വിവിധ കാലഘട്ടങ്ങളിലെ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉത്പാദനം

9 (5813) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2006 കാലഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച പുതിയ വൈദ്യുത പദ്ധതികൾ ഏതെങ്കിലും ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) മുൻ വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ച ഏതെല്ലാം പദ്ധതികൾ ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചു ; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ കാലയളവിൽ പുതുതായി ഉല്പാദിപ്പിച്ചത് ; വിശദമാക്കാമോ ;

(സി) 2006-2011 കാലഘട്ടത്തിൽ ആരംഭിച്ച ഏതെല്ലാം വൈദ്യുത പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചുവെന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പുതുതായി ഈ കാലയളവിൽ ഉല്പാദിപ്പിച്ചതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly